# ‘അഭിഷേക ശക്തി’

## 1 യോഹന്നാൻ 2:20

‘‘നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു.’’

പരിശുദ്ധനാൽ ഉള്ള അഭിഷേകം, പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഉണ്ടെന്ന് എങ്ങനെ തിരിച്ചറിയാം? പരിശുദ്ധാത്മാവിനെ നമുക്ക് കാണാൻ കഴിയുമോ? അത് എങ്ങനെ യുള്ള ശക്തി ആകുന്നു? ഇങ്ങനെ അനേകം ചോദ്യങ്ങൾ ഇന്ന് ഉന്നയിക്കുമ്പോൾ വചനം പറയുന്നു ‘അവന്റെ ആത്മാവിനാൽ നാം സകലവും അറിയുന്നു’.

എലിസബത്തിന്റെ ഉദരത്തിലുള്ള പിള്ള കർത്താവിനെ ഉള്ളിൽ വഹിച്ചിരുന്ന മറി യയെ കണ്ടപ്പോൾ തുള്ളിച്ചാടി എന്ന് നാം വായിക്കുന്നു. ഇവിടെ വാക്കുകളുടെ സംഭാ ഷണം ഇല്ലായിരുന്നു. പരസ്പരം ആത്മസാന്നിധ്യത്തിന്റെ ശക്തി അനുഭവിക്കാൻ സാധിച്ചു. ദൈവാത്മാവിന്റെ വലിയ വാഗ്ദത്തവും നടത്തിപ്പും ഇതുതന്നെ ആകുന്നു. ദൈവത്തെ ആഴത്തിൽ ആരാഞ്ഞറിയാൻ അവന്റെ ആത്മാവിനേ കഴിയൂ. ദൈവവചനത്തിന്റെ ശക്തി യുടെ അതിരുകളില്ലാത്ത ജ്ഞാനം തന്റെ മക്കളുടെ മേൽ അവൻ പകർന്നിരിക്കുന്നു.

എന്നാൽ ഈ ജ്ഞാനം അഥവാ അഭിഷേകശക്തി തന്റെ മേൽ പകർന്നിരിക്കുന്നു വെന്ന് എങ്ങനെ തിരിച്ചറിയാൻ കഴിയും? അലറി മറിയുന്ന തിരമാലകളുടെ നടുവിലും ശാന്തതയോടെ നിൽക്കാൻ കഴിയുന്ന സാഹചര്യമാണ് ആത്മസാന്നിധ്യത്തിൽ ഏറ്റം വലിയ ദൃഷ്ടാന്തം. ജീവിതത്തിൽ നേരിടുന്ന സകലത്തിന്റെയും നടുവിൽ ദൈവസാന്നിധ്യം കൂടെ യുണ്ടെന്ന ബോധം ദൈവപൈതലിന് വലിയ സമ്പത്താകുന്നു. അത് അവന് ഊർജ്ജം പക രുന്നു. ധൈര്യം നല്കുന്നു.

പാപത്തെയും നീതിയെയും പറ്റി ബോധം തരുന്ന ഈ അഭിഷേക ശക്തിയിൽ നാം വസിക്കുന്നുവെങ്കിൽ ആരും നമ്മെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ ആത്മാവു സക ലവും ഉപദേശിച്ചു തരുന്ന വലിയ ഒരു അനുഭവം നമ്മോടുകൂടെ വസിക്കുന്നു.

കർത്താവിന്റെ മുഖത്തേക്ക് നോക്കുമ്പോൾ മൂടുപടം നീങ്ങുന്നു എന്നാണ് ദൈവവ ചനം പഠിപ്പിക്കുന്നത്. പരിശുദ്ധാത്മാവിന്റെ വലുതും ഭയങ്കരവുമായ അനേക കാഴ്ചകൾ കാണുവാൻ, അനുഭവിക്കുവാൻ അപ്പോൾ നമുക്ക് ഇടയാകുന്നു. ദൈവവചനം സുലഭമായി ലഭിക്കുന്നതിനു മുമ്പും പിതാക്കന്മാർ പ്രാപിച്ചെടുത്ത ശക്തിയുടെയും, മഹത്തും ഭയങ്കരവു

മായ ദൈവിക ആലോചനയുടെയും ശ്രോതസ്സും ഈ ദൈവിക സാന്നിധ്യത്തിൽ നിരന്തരം അവർക്ക് വസിക്കുവാൻ കഴിഞ്ഞു എന്നത് മാത്രമാണ്. വീണ്ടെടുക്കപ്പെട്ട ദൈവപൈത ലിന്റെ വാഗ്ദത്തമായ ഈ ആത്മശക്തിയിൽ കാലുകൾ ഇടറാതെ നിരന്തരം വസിക്കാം. സകലവും ഉപദേശിച്ചു തരുന്ന സകല ജ്ഞാനത്തിന്റെ മർമ്മമായ അഭിഷേക ശക്തിയിൽ അധികമായി നിറയുവാനും, ശക്തിപ്പെടുവാനും അവന്റെ വാക്കുകളെ ശ്രദ്ധയോടെ ശ്രവി ച്ചുകൊണ്ട് മുന്നോട്ടു പോകുവാനും കർത്താവ് സഹായിക്കട്ടെ.

പരാമർശം :
യെഹെസ്കേൽ 36:27
ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 084**